# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *510 – 01/07/2019 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പൊതുകടം

ചോദ്യം

ശ്രീ.എം.ഉമ്മർ
,, എൻ. ഷംസുദ്ദീൻ
,, ടി.എ.അഹമ്മദ് കബീർ
,, കെ.എൻ.എ ഖാദർ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുറപ്പെട്ടുവിച്ച ധവളപത്രത്തിൽ പൊതുകടം എത്രയായിരുന്നു; നിലവിലെ പൊതുകടം എത്രയാണ്; വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജൂൺ 2016 -ൽ പുറത്തിറക്കിയ സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച ധവള പത്ര പ്രകാരം സംസ്ഥാനത്തിന്റെ 2015-16 -ലെ ആകെ കടബാദ്ധ്യത 155389.33 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ താല്കാലിക കണക്കുകൾ പ്രകാരം 30/04/2019 വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യത 238588.78 കോടി രൂപയാണ്. |
| (ബി) | സംസ്ഥാനം അന്താരാഷ്ട്ര ബോണ്ടുകൾവഴി കടം വാങ്ങുമ്പോൾ അത് പൊതുകടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുമോ; വിശദമാക്കാമോ; | സംസ്ഥാനം അന്താരാഷ്ട്ര ബോണ്ടുകൾവഴി കടമെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ്വ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള അന്താരാഷ്ട്ര ബോണ്ട് ഉൾപ്പെടെയുള്ള എല്ലാ ധനസമാഹരണ മാർഗ്ഗങ്ങളിലൂടെയും കിഫ്ബി ഫണ്ട് സമാഹരിക്കുന്നുണ്ട്. ഇപ്രകാരം ബോണ്ടുകൾ വഴി സമാഹരിക്കുന്ന വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നുണ്ട്. എന്നാൽ, ഇത് സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാകുന്നില്ല. |
| (സി) | കേന്ദ്രം നിശ്ചയിച്ച പരിധിയിൽ കൂടുതൽ സംസ്ഥാനം കടം വാങ്ങിയാൽ കേന്ദ്ര | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP |

| | | |
|---|---|---|
| | സർക്കാരിൽനിന്നും ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്നതിന് നിയമതടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; വിശദമാക്കാമോ? | -യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായ ജി.എസ്.ഡി.പി -യുടെ 3 ശതമാനത്തിനുമേൽ അധികരിക്കുന്ന വായ്പ വരും വർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് ചെയ്യുന്ന തരത്തിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**